# പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2018 ഫെബ്രുവരി 1, വ്യാഴം

**നമ്പർ 99**

രാവിലെ 8.30-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാലെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

ഗവർണറുടെ സന്ദേശം:

2018 ജനുവരി 31-ന് സഭ അംഗീകരിച്ച നന്ദിപ്രമേയത്തിന് ഗവർണർ നല്കിയ മറുപടി സ്പീക്കർ സഭയെ അറിയിച്ചു.

അടിയന്തരപ്രമേയം:

കാസർഗോഡ് ജില്ലയിൽ ഉൾപ്പെടെ സംസ്ഥാനത്തുടനീളം നടന്ന കൊലപാതകങ്ങൾ, കവർച്ചകൾ, തട്ടിക്കൊണ്ടുപോകൽ എന്നിവമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. എൻ. എ. നെല്ലിക്കുന്നും മറ്റ് രണ്ടംഗങ്ങളും ചേർന്ന് ഒരു അടിയന്തരപ്രമേയത്തിന്റെ അവതരണാനുമതിക്ക് നോട്ടീസ് നല്കിയിരുന്നു. മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷകക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽനിന്ന് ഇറങ്ങിപ്പോയി.

ശ്രദ്ധ ക്ഷണിക്കൽ :

(1) കേന്ദ്രസർക്കാർ പാചകവാതകത്തിന്റെയും ഇന്ധനങ്ങളുടെയും വിലനിയന്ത്രണം നീക്കിയതിനെത്തുടർന്ന് അവശ്യസാധനങ്ങളുടെ വിലയിലുണ്ടായ വർദ്ധനവുമൂലം സംസ്ഥാനം നേരിടുന്ന ബുദ്ധിമുട്ടുകളിലേക്ക് ശ്രീ. ജെയിംസ് മാത്യു മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മുഖ്യമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

KNPP. 272/2018(i).

(2) നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധനവുമൂലം സംസ്ഥാനത്ത് ഭവന നിർമ്മാണത്തിലും ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കുന്നതിലും നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. വി. ഡി. സതീശൻ വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

<u>ചട്ടം 304 പ്രകാരം അംഗങ്ങൾ ഉന്നയിച്ച വിഷയങ്ങൾ</u> :

ചട്ടം 304 പ്രകാരം അംഗങ്ങൾ താഴെപ്പറയുന്ന വിഷയങ്ങൾ സഭയിൽ ഉന്നയിച്ചു :

| നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. എസ്. ശർമ്മ | ഗോശ്രീ ദ്വീപസമൂഹങ്ങളിൽ അടിസ്ഥാന സൗകര്യം ഒരുക്കുന്നത് | മുഖ്യമന്ത്രി |
| 2 | ശ്രീ. ഐ. സി. ബാലകൃഷ്ണൻ | വയനാട് മെഡിക്കൽ കോളേജിന് വേണ്ടി ഏറ്റെടുത്ത സ്ഥലത്തെ മോഷണം | മുഖ്യമന്ത്രി |
| 3 | ശ്രീ. ആർ. രാമചന്ദ്രൻ | കരുനാഗപ്പള്ളിയിൽ കെ.ഐ.പി. യുടെ അധീനതയിലുള്ള സ്ഥലത്ത് കോടതി സമുച്ചയം നിർമ്മിക്കുന്നത് | മുഖ്യമന്ത്രി |
| 4 | ശ്രീ. എ. എം. ആരിഫ് | ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് ഗാർഹിക ആവശ്യത്തിനുള്ള കുടിവെള്ളം സൗജന്യമായി നൽകുന്നത് | ജലവിഭവ വകുപ്പുമന്ത്രി |
| 5 | ശ്രീ. അനൂപ് ജേക്കബ് | കക്കാട് ജലശുദ്ധീകരണ പ്ലാന്റിൽ നിന്നുള്ള കുടിവെള്ള വിതരണ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നത് | ജലവിഭവ വകുപ്പുമന്ത്രി |
| 6 | ശ്രീ. കെ. ഡി. പ്രസേനൻ | ചേരാമംഗലം ജലസേചന പദ്ധതി | ജലവിഭവ വകുപ്പുമന്ത്രി |
| 7 | ശ്രീ. കെ. ദാസൻ | കൊളാവി പാലം അഴിമുഖത്തിലെ മണൽത്തിട്ട നീക്കം ചെയ്യുന്നതും പുലിമുട്ട് നിർമ്മിക്കുന്നതും | ജലവിഭവ വകുപ്പുമന്ത്രി |
| 8 | ശ്രീ. എൻ. ഷംസുദ്ദീൻ | മണ്ണാർക്കാട്-പാലക്കാട് റോഡ് നവീകരണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 9 | ശ്രീ. കോവൂർ കുഞ്ഞുമോൻ | സർക്കാർ എയ്ഡഡ് പ്രീ-പ്രൈമറി സ്കൂളുകളിലെ ടീച്ചർമാരുടെയും ആയമാരുടെയും സേവന വേതന വ്യവസ്ഥകൾ | വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 10 | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | അപ്പർ കുട്ടനാട് മേഖലകളിൽ ക്യാൻസർ രോഗികളുടെ എണ്ണം കൂടുന്നത് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാർ പ്രസ്താവന നടത്തി.

<u>മേശപ്പുറത്തുവച്ച കടലാസുകൾ</u> :

താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവച്ചു :

1. ശ്രീ. പി. എസ്. ആന്റണി കമ്മീഷൻ റിപ്പോർട്ടും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ടും.

2. കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ കേരള സർക്കാരിനെ സംബന്ധിച്ച 2016-2017 വർഷത്തെ ഫിനാൻസ് അക്കൗണ്ട്സും (വാല്യം 1 ആന്റ് 2) അപ്രോപ്രിയേഷൻ അക്കൗണ്ട്സും.

3. 2017-ലെ സാമ്പത്തിക അവലോകനം.

<u>റിപ്പോർട്ട് സമർപ്പണം:</u>

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 16 മുതൽ 19 വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിച്ചു.

<u>നിയമനിർമ്മാണകാര്യം</u> :

1. സഭയുടെ സാധൂകരണം :

2017 ആഗസ്റ്റ് 10-ാം തീയതി 2017-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചിരുന്നു. എന്നാൽ പ്രസ്തുത ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ട് ചട്ടപ്രകാരമുള്ള കാലാവധിയ്ക്കുശേഷം 24-1-2018-ൽ സഭയിൽ സമർപ്പിച്ചത് ചട്ടം 230(1) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയം ദീർഘിപ്പിക്കുന്നതിനുള്ള പ്രമേയം പാസ്സാക്കാതെയാണ്. സമയം ദീർഘിപ്പിക്കുന്നതിനുള്ള പ്രമേയം പാസ്സാക്കാതെ റിപ്പോർട്ട് സമർപ്പിച്ച നടപടി സഭ സാധൂകരിച്ചു.

2. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2017-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിച്ചു. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന് വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയ ശ്രീ. സി. മമ്മൂട്ടി, ശ്രീ. വി. എസ്. ശിവകുമാർ എന്നിവർ സംസാരിച്ചു. പ്രസ്തുത ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ബിൽ അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വീണ്ടും അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. എ. പ്രദീപ്കുമാർ ചുമതലപ്പെടുത്തിയപ്രകാരം ശ്രീ. റ്റി. വി. രാജേഷും അവതരിപ്പിച്ചു സംസാരിച്ചു. മന്ത്രിയുടെ മറുപടിക്കുശേഷം അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു അതിനുശേഷം ബിൽ വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ പാസ്സാക്കുകയും ചെയ്തു.

<u>പീഠിക</u>

1. പീഠികയിൽ "അറുപത്തിയെട്ടാം" എന്ന വാക്കിനുപകരം "അറുപത്തിയൊൻപതാം" എന്ന വാക്ക് ചേർക്കുക.

<u>ഒന്നാം വകുപ്പ്</u>

2. ഖണ്ഡം 1 (2)-ൽ "ഗസറ്റ്" എന്ന വാക്ക് ഒഴിവാക്കുക.

<u>രണ്ടാം വകുപ്പ്</u>

3. ഖണ്ഡം 2(സി)(i)-ൽ "ഗർഭം" എന്നതിനുശേഷം "വന്ധ്യത" എന്ന ചിഹ്നവും വാക്കും ചേർക്കുക.

4. ഖണ്ഡം 2(സി)(ii)സി-ൽ "പങ്കാളിത്ത സ്ഥാപനത്തിന്റെ; അല്ലെങ്കിൽ," എന്നത് "പങ്കാളിത്ത സ്ഥാപനത്തിന്റെ;" എന്നാക്കുക.

5. ഖണ്ഡം 2(സി)(ii)-ൽ "ഉൾപ്പെടുന്നതല്ലാത്തുമാകുന്നു" എന്ന വാക്കിനുപകരം "ഉൾപ്പെടുന്നതല്ലാത്തതുമാകുന്നു" എന്ന വാക്ക് ചേർക്കുക.

6. ഖണ്ഡം 2(ഇ) (i)-ൽ "അവളുടെ" എന്ന വാക്ക് ഒഴിവാക്കുക.

<u>മൂന്നാം വകുപ്പ്</u>

7. ഖണ്ഡം 3(2)(ഐ) (i)-ലെ "1948-ലെ 15-ാം കേന്ദ്ര ആക്ട്" എന്നത് "1948 -ലെ 16-ാം കേന്ദ്ര ആക്ട്" എന്ന് ഭേദഗതി ചെയ്യുക.

8. ഖണ്ഡം 3(2)(ഐ)(ii)-ലെ "953-ലെ കേരള നേഴ്സസ് ആന്റ് മിഡ് വൈവ്സ് ആക്റ്റിലെ" എന്നത് "1953-ലെ നേഴ്സസ് ആന്റ് മിഡ് വൈഫ് ആക്ട്" എന്ന് ഭേദഗതി ചെയ്യുക.

9. ഖണ്ഡം 3(2) (ജെ) (ix)-ൽ "സംഘടനകളുടെ" എന്നതിനുപകരം "സംഘടനയുടെ" എന്ന വാക്ക് ചേർക്കുക.

നാലാം വകുപ്പ്

10. ഖണ്ഡം 4(1)(എ)-ൽ "നിലവാരം" എന്ന വാക്കിനു പകരം "ആദ്യശ്രേണി നിലവാരം" എന്നീ വാക്കുകൾ ചേർക്കുക.

11. ഖണ്ഡം 4(1)(ബി)യിൽ, "നിലവാരം നിശ്ചയിക്കുകയും അതിന്റെ അംഗീകാരത്തിനും വിജ്ഞാപനത്തിനുമായി" എന്നീ വാക്കുകൾക്കു പകരം "നിലവാരം നിർണ്ണയിക്കുന്നതിനായി" എന്നീ വാക്കുകൾ ചേർക്കുക.

12. ഖണ്ഡം 4 (3)-ൽ "പറയുവാനും ഉള്ള ഒരവസരം" എന്നീ വാക്കുകൾക്ക് പകരം "പറയുവാനുള്ള ന്യായമായ ഒരവസരം" എന്നീ വാക്കുകൾ ചേർക്കുക.

അഞ്ചാം വകുപ്പ്

13. ഖണ്ഡം 5 (1)-ൽ "ഹെൽത്ത് സർവ്വീസസ്" എന്നീ വാക്കുകൾക്ക് പകരം "ആരോഗ്യ വകപ്പിലെ" എന്നീ വാക്കുകൾ ചേർക്കുക.

ആറാം വകുപ്പ്

14. ഖണ്ഡം 6 (2)-ൽ "കൗൺസിലിന്" എന്നതിനുശേഷം "ഈ" എന്ന് ചേർക്കുക.

15. ഖണ്ഡം 6 (2)-ൽ "സബ് കമ്മിറ്റികളെ" എന്നതിന് പകരം "ഉപസമിതികളെ" എന്ന് ചേർക്കുക.

പതിനൊന്നാം വകുപ്പ്

16. ഖണ്ഡം 11-ൽ "ബിസിനസ്സ്" എന്ന വാക്ക് ഒഴിവാക്കുക.

പതിമൂന്നാം വകുപ്പ്

17. ഖണ്ഡം 13 (1)-ൽ

(i) "നിലവാരങ്ങൾ കൊണ്ടുവരേണ്ടതും ഓരോ വിഭാഗത്തിനുമായി വിജ്ഞാപനം ചെയ്യപ്പെട്ട മതിയായ" എന്നീ വാക്കുകൾക്ക് പകരം "നിലവാരങ്ങൾ സർക്കാർ നിർണ്ണയിക്കേണ്ടതും ഓരോ വിഭാഗത്തിലും" എന്നീ വാക്കുകൾ ചേർക്കുക.

(ii) ഖണ്ഡം 13 (2)-ൽ "മാനദണ്ഡങ്ങൾ" എന്ന വാക്കിനുപകരം "നിലവാരം" എന്ന വാക്ക് ചേർക്കുക.

## പതിനാലാം വകുപ്പ്

18. ഖണ്ഡം 14(1)(സി)-ൽ "അസിസ്റ്റന്റ് ഡയറക്ടർ" എന്നീ വാക്കുകൾക്ക് പകരം "ആരോഗ്യ കുടുംബക്ഷേമ വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർ" എന്നീ വാക്കുകൾ ചേർക്കുക.

19. ഖണ്ഡം 14(1)(ബി)-ൽ "ജില്ലാ മെഡിക്കൽ ഓഫീസർ" എന്നതിന് ശേഷം "(ആധുനിക വൈദ്യശാസ്ത്രം)" എന്ന വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

20. ഖണ്ഡം 14(1)(സി)-ൽ "ഡയറ്കടർ" എന്ന വാക്കിന് പകരം "ഡയറക്ടർ" എന്ന വാക്ക് ചേർക്കുക.

## പതിനഞ്ചാം വകുപ്പ്

21. ഖണ്ഡം 15(എ)-ൽ "അനുസൃതമായി സർക്കാർ വിജ്ഞാപനം ചെയ്തേക്കാവുന്ന നിലവാരം" എന്നീ വാക്കുകൾക്കു പകരം "അനുസൃതമായ നിലവാരം" എന്നീ വാക്കുകൾ ചേർക്കുക.

## പതിനേഴാം വകുപ്പ്

22. ഖണ്ഡം 17(1)-ൽ "പ്രാരംഭത്തിൽ" എന്ന വാക്കിനുപകരം "പ്രാരംഭ തീയതിയിൽ" എന്ന് ചേർക്കുക.

23. ഖണ്ഡം 17 (4)-ൽ "ചെയ്യാതിരുന്ന" എന്നതിന് പകരം "ചെയ്യുതിന് കാരണക്കാരനായ" എന്ന് ചേർക്കുക.

## പത്തൊൻപതാം വകുപ്പ്

24. ഖണ്ഡം 19(11)-ൽ "സൂക്ഷിക്കുന്നുണ്ടെന്ന്" എന്നതിനുപകരം "പാലിക്കുന്നുണ്ടെന്ന്" ചേർക്കുക.

## ഇരുപത്തിനാലം വകുപ്പ്

25. ഖണ്ഡം 24 (3)-ന്റെ ക്ലിപ്തനിബന്ധനയിൽ "30" എന്ന അക്കങ്ങൾക്ക് പകരം "മുപ്പത്" എന്ന വാക്ക് ചേർക്കേണ്ടതാണ്.

26. ഖണ്ഡം 24(4)-ൽ "30" എന്ന അക്കത്തിനു പകരം "മുപ്പത്" എന്ന വാക്ക് ചേർക്കുക.

## ഇരുപത്തി അഞ്ചാം വകുപ്പ്

27. ഖണ്ഡം 25(1)(എ)-ൽ "പാലിക്കപ്പെടുന്നില്ലെന്നോ" എന്ന വാക്കിന് പകരം "പാലിക്കുന്നില്ലെന്നോ" എന്ന വാക്ക് ചേർക്കുക.

28. ഖണ്ഡം 25(2)-ൽ "ഒരു ലംഘനം ഉണ്ടായിട്ടുണ്ടെന്ന് അതോറിറ്റിക്ക് ബോദ്ധ്യപ്പെട്ടന്ന" എന്നതിന് പകരം "ഒരു ലംഘനം ഉണ്ടായിട്ടുണ്ടെന്ന് അതോറിറ്റിക്കോ കൗൺസിലിനോ ബോദ്ധ്യപ്പെട്ടന്ന" എന്ന് ചേർക്കുക.

## ഇരുപത്തിയാറാം വകുപ്പ്

29. ഖണ്ഡം 26-ൽ

(i) ഉപഖണ്ഡം (1) ആയി താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുകയും നിലവിലുള്ള ഖണ്ഡത്തിന്റെ പ്രാരംഭത്തിൽ (2) എന്ന അക്കമിടുകയും ചെയ്യുക :—

"(1) ഈ ആക്ടിലെ വ്യവസ്ഥകളുടെ ലംഘനം സംബന്ധിച്ച് ന്യായനിർണ്ണയം നടത്തുന്നതിനും അന്വേഷണ വിചാരണ നടത്തുന്നതിനും പിഴശിക്ഷ ചുമത്തുന്നതിനും ഈ വകുപ്പ് പ്രകാരം കൗൺസിലിനും ഈ ആക്ടിലെ മറ്റു വകുപ്പുകൾ പ്രകാരം അതോറിറ്റിക്കും, അതതു സംഗതി പോലെ, അധികാരമുണ്ടായിരിക്കുന്നതും അവ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് അധികാരങ്ങൾ വിനിയോഗിക്കേണ്ടതും അങ്ങനെയുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതുമാണ്." ;

(ii) ക്ലിപ്തനിബന്ധനയിൽ, "നോട്ടീസ് നൽകിയ ശേഷം" എന്നീ വാക്കുകൾക്ക് ശേഷം "അന്വേഷണവിചാരണ നടത്തി" എന്നീ വാക്കുകൾ ചേർക്കുക.

## ഇരുപത്തിഏഴാം വകുപ്പ്

30. ഖണ്ഡം 27 (3)-ൽ "അക്കൗണ്ടിൽ" എന്നതിന് പകരം "കണക്കിൽ" എന്നാക്കുക.

31. ഖണ്ഡം 27 (4)-ൽ "സ്ഥാപനത്തിന്റെ വിഭാഗം വലിപ്പം തരം" എന്നതിന് പകരം "സ്ഥാപനത്തിന്റെ വിഭാഗം, വലിപ്പം, തരം" എന്ന് ചേർക്കുക.

## ഇരുപത്തി എട്ടാം വകുപ്പ്

32. ഖണ്ഡം 28(6)-ൽ "ക്രിമിനൽ നിയമസംഹിതയിലെ" എന്നീ വാക്കുകൾക്ക് പകരം "ക്രിമിനൽ നടപടി നിയമസംഹിതയിലെ" എന്നീ വാക്കുകൾ ചേർക്കുക.

## ഇരുപത്തി ഒൻപതാം വകുപ്പ്

33. ഖണ്ഡം 29-ന്റെ മാർജിനൽ ശീർഷകത്തിൽ "അപര്യാപ്തകൾക്കുള്ള" എന്നതിനു പകരം "അപര്യാപ്തതകൾക്കുള്ള" എന്ന് ചേർക്കുക.

മുപ്പത്തി ഒന്നാം വകുപ്പ്

34. ഖണ്ഡം 31-ൽ "വിധേയമായിരിക്കുന്നതുമാണ്" എന്നതിനുപകരം "വിധേയനായിരിക്കുന്നതുമാണ്" എന്ന് ചേർക്കുക.

മുപ്പത്തിമൂന്നാം വകുപ്പ്

35. ഖണ്ഡം 33-ൽ "സബ്കമ്മറ്റിയിലെ" എന്നതിനുപകരം "ഉപസമിതിയിലെ" എന്ന് ചേർക്കുക.

മുപ്പത്തിനാലാം വകുപ്പ്

36. ഖണ്ഡം 34(2)-ൽ

(i) "26-ാം വകുപ്പിനും" എന്നീ അക്കങ്ങളും ചിഹ്നവും വാക്കും ഒഴിവാക്കുക.

(ii) "നാല്പത്തിയഞ്ച് ദിവസത്തിനകം," എന്നീ വാക്കുകൾക്കും ചിഹ്നത്തിനും ശേഷം "നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ" എന്നീ വാക്കുകൾ ചേർക്കുക.

37. ഖണ്ഡം 34(4)-ൽ "ഒരു അവസരം" എന്നത് "ന്യായമായ അവസരം" എന്നാക്കുക.

മുപ്പത്തിഅഞ്ചാം വകുപ്പ്

38. ഖണ്ഡം 35-ൽ "ഹൈക്കോടതി മുമ്പാകെ" എന്നതിനുശേഷം "അപ്പലേറ്റ് അതോറിറ്റിയുടെ ഉത്തരവ് തീയതി മുതൽ 60 ദിവസത്തിനുള്ളിൽ" എന്ന് ചേർക്കുക.

മുപ്പത്തി ആറാം വകുപ്പ്

39. ഖണ്ഡം 36-ൽ നിലവിലുള്ള ഖണ്ഡത്തിന്റെ പ്രാരംഭത്തിൽ (1) എന്ന അക്കമിടുകയും അതിനുശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുകയും ചെയ്യുക.

"(2) ഈ ആക്ടിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്ട് പ്രകാരം അതോറിറ്റി എടുക്കുന്ന ഏതൊരു തീരുമാനവും നടപടിയും പുറപ്പെടുവിക്കുന്ന ഉത്തരവും, പിഴശിക്ഷ ചുമത്തിയത് ഉൾപ്പെടെ, സ്വമേധയായോ അല്ലെങ്കിൽ ഏതെങ്കിലും പരാതിയിന്മേലോ പുനഃപരിശോധിക്കുവാൻ അതോറിറ്റിക്ക് നിർദ്ദേശം നൽകുന്നതിനും ഈ ആവശ്യത്തിലേക്കായി ബന്ധപ്പെട്ട ഏതൊരു ആളെയും അല്ലെങ്കിൽ രേഖയും വിളിച്ചു വരുത്തുന്നതിനും കൗൺസിലിന് അധികാരം ഉണ്ടായിരിക്കുന്നതാണ്."

<u>മുപ്പത്തിയേഴാം വകുപ്പ്</u>

40. ഖണ്ഡം 37(7)-ൽ "മുൻ റിപ്പോർട്ടിൽ" എന്നീ വാക്കുകൾക്ക് പകരം "5-ാം ഉപവകുപ്പ് പ്രകാരമുള്ള റിപ്പോർട്ടിൽ" എന്നീ അക്കവും ചിഹ്നങ്ങളും വാക്കുകളും ചേർക്കുക.

41. ഖണ്ഡം 37(1)-ൽ "കെട്ടിടം ലബോറട്ടറികൾ രോഗനിർണ്ണയ സൗകര്യങ്ങൾ ഉപകരണങ്ങൾ" എന്നതിന് പകരം "കെട്ടിടം, ലബോറട്ടറികൾ, രോഗനിർണ്ണയ സൗകര്യങ്ങൾ, ഉപകരണങ്ങൾ" എന്ന് ചേർക്കുക.

42. ഖണ്ഡം 37(2)-ൽ "പരിസരം" എന്നതിനുപകരം "ക്ലിനിക്കൽ സ്ഥാപനം" എന്ന് ചേർക്കുക.

43. ഖണ്ഡം 37(3)-ൽ "ആശുപത്രികളുടെ" എന്നതിനുപകരം "ക്ലിനിക്കൽ സ്ഥാപനങ്ങളുടെ" എന്ന് ചേർക്കുക.

<u>നാല്പതാം വകുപ്പ്</u>

44. ഖണ്ഡം (40)-ൽ "ബന്ധുക്കൾക്കോ" എന്ന വാക്കിനുശേഷം "സൗജന്യമായി ലഭ്യമാക്കേണ്ടതാണ്" എന്ന് ചേർക്കുക.

<u>അൻപത്തി രണ്ടാം വകുപ്പ്</u>

45. ഖണ്ഡം 52 (2)-ന്റെ (വൈ) ഇനത്തിൽ "27-ാം വകുപ്പ് (5)-ാം ഉപവകുപ്പും 28-ാം വകുപ്പ് (8)-ാം ഉപവകുപ്പും 34-ാം വകുപ്പ് (2)-ാം ഉപവകുപ്പും പ്രകാരം" എന്നീ വാക്കുകൾക്കും ചിഹ്നങ്ങൾക്കും അക്കങ്ങൾക്കും പകരം "34-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം" എന്നീ വാക്കുകളും ചിഹ്നങ്ങളും അക്കങ്ങളും ചേർക്കുക.

2018 ഫെബ്രുവരി 2-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 3.40-ന് സഭ പിരിഞ്ഞു.

വി. കെ. ബാബുപ്രകാശ്
*സെക്രട്ടറി.*

FOURTEENTH KERALA LEGISLATIVE ASSEMBLY

**Ninth Session**

# BULLETIN—PART I

(Brief Record of Proceedings)

*Thursday, February 1, 2018*

**No. 99**

The Assembly met at 8.30 a.m. with Mr. Speaker in the Chair.

*Questions:*

Four questions in the list of questions posted for the day were answered orally.

*Message from the Governor:*

The Speaker reported to the Assembly the Governor's reply to the Motion of Thanks which was adopted by the House on 31st January, 2018.

*Adjournment Motion:*

After hearing the Chief Minister the Speaker withheld consent to moving of an adjournment motion given notice of by Shri N. A. Nellikkunnu and two other members regarding the serious situation reported to have arisen consequent on the murders in and the robberies and abductions across the State including Kasargod district.

In protest against the attitude of the Government in this matter the Members belonging to opposition staged a walkout.

*Calling Attention:*

(1) Shri James Mathew called the attention of the Chief Minister to the difficulties being faced by the State consequent on the hike in price of essential commodities as a result of relaxation of price control of cooking gas as well as fuel by the Central Government. The Chief Minister made a statement thereto.

KNPP. 272/2018(ii).

(2) Shri V. D. Satheesan called the attention of the Minister for Industries, Sports and Youth Affairs to the necessity to solve the difficulties being faced in house construction and implementation of housing schemes due to hike in price of construction materials. The Minister made a statement thereto.

*The matters raised by Members Under Rule 304:*

The matters raised by Members in the House Under Rule 304 are listed below:

| നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. എസ്. ശർമ്മ | ഗോശ്രീ ദ്വീപസമൂഹങ്ങളിൽ അടിസ്ഥാന സൗകര്യം ഒരുക്കുന്നത് | മുഖ്യമന്ത്രി |
| 2 | ശ്രീ. ഐ. സി. ബാലകൃഷ്ണൻ | വയനാട് മെഡിക്കൽ കോളേജിന് വേണ്ടി ഏറ്റെടുത്ത സ്ഥലത്തെ മോഷണം | മുഖ്യമന്ത്രി |
| 3 | ശ്രീ. ആർ. രാമചന്ദ്രൻ | കരുനാഗപ്പള്ളിയിൽ കെ.ഐ.പി. യുടെ അധീനതയിലുള്ള സ്ഥലത്ത് കോടതി സമുച്ചയം നിർമ്മിക്കുന്നത് | മുഖ്യമന്ത്രി |
| 4 | ശ്രീ. എ. എം. ആരിഫ് | ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് ഗാർഹിക ആവശ്യത്തിനുള്ള കുടിവെള്ളം സൗജന്യമായി നൽകുന്നത് | ജലവിഭവ വകുപ്പുമന്ത്രി |
| 5 | ശ്രീ. അനൂപ് ജേക്കബ് | കക്കാട് ജലശുദ്ധീകരണ പ്ലാന്റിൽ നിന്നുള്ള കുടിവെള്ള വിതരണ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നത് | ജലവിഭവ വകുപ്പുമന്ത്രി |
| 6 | ശ്രീ. കെ. ഡി. പ്രസേനൻ | ചേരാമംഗലം ജലസേചന പദ്ധതി | ജലവിഭവ വകുപ്പുമന്ത്രി |
| 7 | ശ്രീ. കെ. ദാസൻ | കൊളാവി പാലം അഴിമുഖത്തിലെ മണൽത്തിട്ട നീക്കം ചെയ്യുന്നതും പുലിമുട്ട് നിർമ്മിക്കുന്നതും | ജലവിഭവ വകുപ്പുമന്ത്രി |
| 8 | ശ്രീ. എൻ. ഷംസുദ്ദീൻ | മണ്ണാർക്കാട്-പാലക്കാട് റോഡ് നവീകരണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 9 | ശ്രീ. കോവൂർ കുഞ്ഞുമോൻ | സർക്കാർ എയ്ഡഡ് പ്രീ-പ്രൈമറി സ്കൂളുകളിലെ ടീച്ചർമാരുടെയും ആയമാരുടെയും സേവന വേതന വ്യവസ്ഥകൾ | വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 10 | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | അപ്പർ കുട്ടനാട് മേഖലകളിൽ ക്യാൻസർ രോഗികളുടെ എണ്ണം കൂടുന്നത് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |

The Ministers made statement on the respective subjects.

*Papers laid on the table :*

The following papers were laid on the table:

1. The Report of Shri P. S. Antony Commission and the Memorandum of action taken by the Government thereon.

2. The Report of the Comptroller and Auditor General of India on the Finance Accounts (Vol. 1 & 2) and Appropriation Accounts relating to the Government of Kerala for the year 2016-2017.

3. The Economic Review 2017.

*Presentation of Reports :*

The Sixteenth to Nineteenth Reports of the Committee on Local Funds Accounts were presented.

*Legislative Business :*

*1. Ratification by the House:*

The Report of Subject Committee on the Kerala Clinical Establishments (Registration and Regulation) Bill, 2017, which was referred to Subject Committee on 10th August, 2017, was presented after the stipulated time as per rule on 24-1-2018 without adopting motion to extend time for presentation of Report under Rule 230(1). The House ratified the action of presentation of report without adopting a motion for extension of time.

2. Smt. K. K. Shailaja Teacher, Minister for Health and Social Justice moved that the Kerala Clinical Establishments (Registration and Regulation) Bill, 2017 as reported by the Subject Committee be taken up for consideration. Shri C. Mammutty and Shri V. S. Sivakumar who had recorded their notes of dissent on the Report of the Subject Committee also spoke. Shri Thiruvanchoor Radhakrishnan moved an amendment that the Bill may be circulated for eliciting public opinion and Shri T. V. Rajesh as authorised by Shri A. Pradeepkumar moved an amendment that the Bill be again referred to the same Subject Committee and spoke. After the reply by the Minister, the amendments moved were withdrawn by the leave of the house. Then the Bill was considered clause by clause and passed subject to the following amendments.

*Preamble*

1. പീഠികയിൽ "അറുപത്തിയെട്ടാം" എന്ന വാക്കിനുപകരം "അറുപത്തിയൊൻപതാം" എന്ന വാക്ക് ചേർക്കുക.

*Clause 1*

2. ഖണ്ഡം 1 (2)-ൽ "ഗസറ്റ്" എന്ന വാക്ക് ഒഴിവാക്കുക.

*Clause 2*

3. ഖണ്ഡം 2(സി)(i)-ൽ "ഗർഭം" എന്നതിനുശേഷം "വന്ധ്യത" എന്ന ചിഹ്നവും വാക്കും ചേർക്കുക.

4. ഖണ്ഡം 2(സി)(ii)സി-ൽ "പങ്കാളിത്ത സ്ഥാപനത്തിന്റെ; അല്ലെങ്കിൽ," എന്നത് "പങ്കാളിത്ത സ്ഥാപനത്തിന്റെ;" എന്നാക്കുക.

5. ഖണ്ഡം 2(സി)(ii)-ൽ "ഉൾപ്പെടുന്നതല്ലാതുമാകുന്നു" എന്ന വാക്കിനുപകരം "ഉൾപ്പെടുന്നതല്ലാത്തതുമാകുന്നു" എന്ന വാക്ക് ചേർക്കുക.

6. ഖണ്ഡം 2(ഇ) (i)-ൽ "അവളുടെ" എന്ന വാക്ക് ഒഴിവാക്കുക.

*Clause 3*

7. ഖണ്ഡം 3(2)(ഐ) (i)-ലെ "1948-ലെ 15-ാം കേന്ദ്ര ആക്റ്റ്" എന്നത് "1948 -ലെ 16-ാം കേന്ദ്ര ആക്റ്റ്" എന്ന് ഭേദഗതി ചെയ്യുക.

8. ഖണ്ഡം 3(2)(ഐ)(ii)-ലെ "953-ലെ കേരള നേഴ്സസ് ആന്റ് മിഡ് വൈവ്സ് ആക്റ്റിലെ" എന്നത് "1953-ലെ നേഴ്സസ് ആന്റ് മിഡ് വൈഫ് ആക്റ്റ്" എന്ന് ഭേദഗതി ചെയ്യുക.

9. ഖണ്ഡം 3(2) (ജെ) (ix)-ൽ "സംഘടനകളുടെ" എന്നതിനുപകരം "സംഘടനയുടെ" എന്ന വാക്ക് ചേർക്കുക.

*Clause 4*

10. ഖണ്ഡം 4(1)(എ)-ൽ "നിലവാരം" എന്ന വാക്കിനു പകരം "ആദ്യശ്രേണി നിലവാരം" എന്നീ വാക്കുകൾ ചേർക്കുക.

11. ഖണ്ഡം 4(1)(ബി)-ൽ, "നിലവാരം നിശ്ചയിക്കുകയും അതിന്റെ അംഗീകാരത്തിനും വിജ്ഞാപനത്തിനുമായി" എന്നീ വാക്കുകൾക്കു പകരം "നിലവാരം നിർണ്ണയിക്കുന്നതിനായി" എന്നീ വാക്കുകൾ ചേർക്കുക.

12. ഖണ്ഡം 4 (3)-ൽ "പറയുവാനും ഉള്ള ഒരവസരം" എന്നീ വാക്കുകൾക്ക് പകരം "പറയുവാനുള്ള ന്യായമായ ഒരവസരം" എന്നീ വാക്കുകൾ ചേർക്കുക.

*Clause 5*

13. ഖണ്ഡം 5 (1)-ൽ "ഹെൽത്ത് സർവ്വീസസ്" എന്നീ വാക്കുകൾക്ക് പകരം "ആരോഗ്യ വകുപ്പിലെ" എന്നീ വാക്കുകൾ ചേർക്കുക.

*Clause 6*

14. ഖണ്ഡം 6 (2)-ൽ "കൗൺസിലിന്" എന്നതിനുശേഷം "ഈ" എന്ന് ചേർക്കുക.

15. ഖണ്ഡം 6 (2)-ൽ "സബ് കമ്മിറ്റികളെ" എന്നതിന് പകരം "ഉപസമിതികളെ" എന്ന് ചേർക്കുക.

*Clause 11*

16. ഖണ്ഡം 11-ൽ "ബിസിനസ്സ്" എന്ന വാക്ക് ഒഴിവാക്കുക.

*Clause 13*

17. ഖണ്ഡം 13 (1)-ൽ

(i) "നിലവാരങ്ങൾ കൊണ്ടുവരേണ്ടതും ഓരോ വിഭാഗത്തിനുമായി വിജ്ഞാപനം ചെയ്യപ്പെട്ട മതിയായ" എന്നീ വാക്കുകൾക്ക് പകരം "നിലവാരങ്ങൾ സർക്കാർ നിർണ്ണയിക്കേണ്ടതും ഓരോ വിഭാഗത്തിലും" എന്നീ വാക്കുകൾ ചേർക്കുക.

(ii) ഖണ്ഡം 13 (2)-ൽ "മാനദണ്ഡങ്ങൾ" എന്ന വാക്കിനുപകരം "നിലവാരം" എന്ന വാക്ക് ചേർക്കുക.

*Clause 14*

18. ഖണ്ഡം 14(1)(സി)-ൽ "അസിസ്റ്റന്റ് ഡയറക്ടർ" എന്നീ വാക്കുകൾക്ക് പകരം "ആരോഗ്യ കുടുംബക്ഷേമ വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർ" എന്നീ വാക്കുകൾ ചേർക്കുക.

19. ഖണ്ഡം 14(1)(ബി)-ൽ "ജില്ലാ മെഡിക്കൽ ഓഫീസർ" എന്നതിന് ശേഷം "(ആധുനിക വൈദ്യശാസ്ത്രം)" എന്ന വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

20. ഖണ്ഡം 14(1)(സി)-ൽ "ഡയറ്കടര്" എന്ന വാക്കിന് പകരം "ഡയറക്ടർ" എന്ന വാക്ക് ചേർക്കുക.

*Clause 15*

21. ഖണ്ഡം 15(എ)-ൽ "അനുസൃതമായി സർക്കാർ വിജ്ഞാപനം ചെയ്തേക്കാവുന്ന നിലവാരം" എന്നീ വാക്കുകൾക്കു പകരം "അനുസൃതമായ നിലവാരം" എന്നീ വാക്കുകൾ ചേർക്കുക.

*Clause 17*

22. ഖണ്ഡം 17(1)-ൽ "പ്രാരംഭത്തിൽ" എന്ന വാക്കിനു പകരം "പ്രാരംഭ തീയതിയിൽ" എന്ന് ചേർക്കുക.

23. ഖണ്ഡം 17 (4)-ൽ "ചെയ്യാതിരുന്ന" എന്നതിന് പകരം "ചെയ്യുതിന് കാരണക്കാരനായ" എന്ന് ചേർക്കുക.

*Clause 19*

24. ഖണ്ഡം 19(11)-ൽ "സൂക്ഷിക്കുന്നുണ്ടെന്ന്" എന്നതിനുപകരം "പാലിക്കുന്നുണ്ടെന്ന്" ചേർക്കുക.

*Clause 24*

25. ഖണ്ഡം 24 (3)- "ന്റെ ക്ലിപ്തനിബന്ധനയിൽ "30" എന്ന അക്കങ്ങൾക്ക് പകരം "മുപ്പത്" എന്ന വാക്ക് ചേർക്കേണ്ടതാണ്.

26. ഖണ്ഡം 24(4)-ൽ "30" എന്ന അക്കത്തിനു പകരം "മുപ്പത്" എന്ന വാക്ക് ചേർക്കുക.

*Clause 25*

27. ഖണ്ഡം 25(1)(എ)-ൽ "പാലിക്കപ്പെടുന്നില്ലെന്നോ" എന്ന വാക്കിന് പകരം "പാലിക്കുന്നില്ലെന്നോ" എന്ന വാക്ക് ചേർക്കുക.

28. ഖണ്ഡം 25(2)-ൽ "ഒരു ലംഘനം ഉണ്ടായിട്ടുണ്ടെന്ന് അതോറിറ്റിക്ക് ബോദ്ധ്യപ്പെടുന്ന" എന്നതിന് പകരം "ഒരു ലംഘനം ഉണ്ടായിട്ടുണ്ടെന്ന് അതോറിറ്റിക്കോ കൗൺസിലിനോ ബോദ്ധ്യപ്പെടുന്ന" എന്ന് ചേർക്കുക.

*Clause 26*

29. ഖണ്ഡം 26-ൽ

(i) ഉപഖണ്ഡം (1) ആയി താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുകയും നിലവിലുള്ള ഖണ്ഡത്തിന്റെ പ്രാരംഭത്തിൽ (2) എന്ന അക്കമിടുകയും ചെയ്യുക :—

"(1) ഈ ആക്റ്റിലെ വ്യവസ്ഥകളുടെ ലംഘനം സംബന്ധിച്ച് ന്യായനിർണ്ണയം നടത്തുന്നതിനും അന്വേഷണ വിചാരണ നടത്തുന്നതിനും പിഴശിക്ഷ ചുമത്തുന്നതിനും ഈ വകുപ്പ് പ്രകാരം കൗൺസിലിനും ഈ ആക്റ്റിലെ മറ്റു വകുപ്പുകൾ പ്രകാരം അതോറിറ്റിക്കും, അതതു സംഗതി പോലെ, അധികാരമുണ്ടായിരിക്കുന്നതും അവ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് അധികാരങ്ങൾ വിനിയോഗിക്കേണ്ടതും അങ്ങനെയുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതുമാണ്." ;

(ii) ക്ലിപ്തനിബന്ധനയിൽ, "നോട്ടീസ് നൽകിയ ശേഷം" എന്നീ വാക്കുകൾക്ക് ശേഷം "അന്വേഷണവിചാരണ നടത്തി" എന്നീ വാക്കുകൾ ചേർക്കുക.

*Clause 27*

30. ഖണ്ഡം 27 (3)-ൽ "അക്കൗണ്ടിൽ" എന്നതിന് പകരം "കണക്കിൽ" എന്നാക്കുക.

31. ഖണ്ഡം 27 (4)-ൽ "സ്ഥാപനത്തിന്റെ വിഭാഗം വലിപ്പം തരം" എന്നതിന് പകരം "സ്ഥാപനത്തിന്റെ വിഭാഗം, വലിപ്പം, തരം" എന്ന് ചേർക്കുക.

*Clause 28*

32. ഖണ്ഡം 28(6)-ൽ "ക്രിമിനൽ നിയമസംഹിതയിലെ" എന്നീ വാക്കുകൾക്ക് പകരം "ക്രിമിനൽ നടപടി നിയമസംഹിതയിലെ" എന്നീ വാക്കുകൾ ചേർക്കുക.

*Clause 29*

33. ഖണ്ഡം 29-ന്റെ മാർജിനൽ ശീർഷകത്തിൽ "അപര്യാപ്തകൾക്കുള്ള" എന്നതിനു പകരം "അപര്യാപ്തതകൾക്കുള്ള" എന്ന് ചേർക്കുക.

*Clause 31*

34. ഖണ്ഡം 31-ൽ "വിധേയമായിരിക്കുന്നതുമാണ്" എന്നതിനുപകരം "വിധേയനായിരിക്കുന്നതുമാണ്" എന്ന് ചേർക്കുക.

*Clause 33*

35. ഖണ്ഡം 33-ൽ "സബ്കമ്മറ്റിയിലെ" എന്നതിനുപകരം "ഉപസമിതിയിലെ" എന്ന് ചേർക്കുക.

*Clause 34*

36. ഖണ്ഡം 34(2)-ൽ

(i) "26-ാം വകുപ്പിനും" എന്നീ അക്കങ്ങളും ചിഹ്നവും വാക്കും ഒഴിവാക്കുക.

(ii) "നാല്പത്തിയഞ്ചു ദിവസത്തിനകം" എന്നീ വാക്കുകൾക്കും ചിഹ്നത്തിനും ശേഷം "നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ" എന്നീ വാക്കുകൾ ചേർക്കുക.

37. ഖണ്ഡം 34(4)-ൽ "ഒരു അവസരം" എന്നത് "ന്യായമായ അവസരം" എന്നാക്കുക.

*Clause 35*

38. ഖണ്ഡം 35-ൽ "ഹൈക്കോടതി മുമ്പാകെ" എന്നതിനുശേഷം "അപ്പലേറ്റ് അതോറിറ്റിയുടെ ഉത്തരവ് തീയതി മുതൽ 60 ദിവസത്തിനുള്ളിൽ" എന്ന് ചേർക്കുക.

*Clause 36*

39. ഖണ്ഡം 36-ൽ നിലവിലുള്ള ഖണ്ഡത്തിന്റെ പ്രാരംഭത്തിൽ (1) എന്ന അക്കമിടുകയും അതിനുശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുകയും ചെയ്യുക.

"(2) ഈ ആക്ടിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്ട് പ്രകാരം അതോറിറ്റി എടുക്കുന്ന ഏതൊരു തീരുമാനവും നടപടിയും പുറപ്പെടുവിക്കുന്ന ഉത്തരവും, പിഴശിക്ഷ ചുമത്തിയത് ഉൾപ്പെടെ, സ്വമേധയായോ അല്ലെങ്കിൽ ഏതെങ്കിലും പരാതിയിന്മേലോ പുനഃപരിശോധിക്കുവാൻ അതോറിറ്റിക്ക് നിർദ്ദേശം നൽകുന്നതിനും ഈ ആവശ്യത്തിലേക്കായി ബന്ധപ്പെട്ട ഏതൊരു ആളെയും അല്ലെങ്കിൽ രേഖയും വിളിച്ചു വരുത്തുന്നതിനും കൗൺസിലിന് അധികാരം ഉണ്ടായിരിക്കുന്നതാണ്."

*Clause 37*

40. ഖണ്ഡം 37(7)-ൽ "മുൻ റിപ്പോർട്ടിൽ" എന്നീ വാക്കുകൾക്ക് പകരം "5-ാം ഉപവകുപ്പ് പ്രകാരമുള്ള റിപ്പോർട്ടിൽ" എന്നീ അക്കവും ചിഹ്നങ്ങളും വാക്കുകളും ചേർക്കുക.

41. ഖണ്ഡം 37(1)-ൽ "കെട്ടിടം ലബോറട്ടറികൾ രോഗനിർണ്ണയ സൗകര്യങ്ങൾ ഉപകരണങ്ങൾ" എന്നതിന് പകരം "കെട്ടിടം, ലബോറട്ടറികൾ, രോഗനിർണ്ണയ സൗകര്യങ്ങൾ, ഉപകരണങ്ങൾ" എന്ന് ചേർക്കുക.

42. ഖണ്ഡം 37(2)-ൽ "പരിസരം" എന്നതിനുപകരം "ക്ലിനിക്കൽ സ്ഥാപനം" എന്ന് ചേർക്കുക.

43. ഖണ്ഡം 37(3)-ൽ "ആശുപത്രികളുടെ" എന്നതിനു പകരം "ക്ലിനിക്കൽ സ്ഥാപനങ്ങളുടെ" എന്ന് ചേർക്കുക.

*Clause 40*

44. ഖണ്ഡം (40)-ൽ "ബസുക്കൾക്കോ" എന്ന വാക്കിനുശേഷം "സൗജന്യമായി ലഭ്യമാക്കേണ്ടതാണ്" എന്ന് ചേർക്കുക.

*Clause 52*

45. ഖണ്ഡം 52 (2)-ന്റെ (വൈ) ഇനത്തിൽ "27-ാം വകുപ്പ് (5)-ാം ഉപവകുപ്പും 28-ാം വകുപ്പ് (8)-ാം ഉപവകുപ്പും 34-ാം വകുപ്പ് (2)-ാം ഉപവകുപ്പും പ്രകാരം" എന്നീ വാക്കുകൾക്കും ചിഹ്നങ്ങൾക്കും അക്കങ്ങൾക്കും പകരം "34-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം" എന്നീ വാക്കുകളും ചിഹ്നങ്ങളും അക്കങ്ങളും ചേർക്കുക.

The House adjourned at 3.40 p.m. to meet again at 9.00 a.m. on Friday, February 2, 2018.

V. K. BABU PRAKASH,
*Secretary.*